"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - ശബരിമല മണ്ഡല-മകരവിളക്ക് ഉത്സവം - 2025-26 പോലീസ് വകുപ്പിലെ മെസ് നടത്തിയതുമായി ബന്ധപ്പെട്ട് ചെലവായ ബാക്കി തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1577/2026/HOME തീയതി,തിരുവനന്തപുരം, 07-05-2026

---

പരാമർശം:-

1) 14.10.2025 ലെ സ.ഉ. (സാധാ) നം.3500/2025/ആഭ്യന്തരം നമ്പർ ഉത്തരവ്.
2) 17.12.2025 ലെ സ.ഉ. (സാധാ) നം.4387/2025/ആഭ്യന്തരം നമ്പർ ഉത്തരവ്.
3) സംസ്ഥാന പോലീസ് മേധാവിയുടെ 03.02.2026 തീയതിയിലെ യു2-136627/2025/പി.എച്ച്.ക്യൂ നമ്പർ കത്ത്.

**ഉത്തരവ്**

2025-26 വർഷത്തെ ശബരിമല മണ്ഡല-മകരവിളക്ക് മഹോൽസവത്തിനോട് അനുബന്ധിച്ച് സന്നിധാനം, പമ്പ നിലക്കൽ, എരുമേലി & മണിയാർ, പുല്ലുമേട് എന്നീ പോലീസ് മെസ്സുകളുടെ നടത്തിപ്പിനായി ഒരു ദിവസത്തെ ഭക്ഷണ ചെലവായി ഒരാൾക്ക് 75/- രൂപ നിരക്കിൽ മൂന്ന് കോടി രൂപ മെസ്സ് ഗ്രാന്റ് അനുവദിച്ചു കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ഒരു വർഷത്തിനിടെ ഉണ്ടായ വിലക്കയറ്റം കൂടി കണക്കിലെടുത്ത് കഴിഞ്ഞ വർഷത്തിൽ നിന്നും 15% വർദ്ധനവ് നൽകി ഒരാൾക്ക് 84/- രൂപ നിരക്കിൽ 4.3 ലക്ഷം ആളുകൾക്ക് 3,61,20,000/- രൂപ പോലീസ് മെസിന്റെ സുഗമമായ നടത്തിപ്പിനായി അനുവദിച്ച് പരാമർശം (2)-ലെ ഉത്തരവ് പ്രകാരം പുതുക്കിയ അനുമതി നൽകിയിരുന്നു. മെസ്സിന്റെ പ്രവർത്തനത്തിനായി ആയി 2055-00-109-99-00-34-03 എന്ന ശീർഷകത്തിൽ മൂന്ന് കോടി രൂപയും അധിക ധനാനുമതിയായി അനുവദിച്ചിരുന്നു. പോലീസ് മെസിന്റെ പ്രവർത്തനത്തിന് വേണ്ടി 3,38,11,152/- രൂപ ആകെ ചെലവായിട്ടുണ്ടെന്നും ശേഷിക്കുന്ന തുകയായ 38,11,152/-രൂപ കൂടി അനുവദിച്ചു നൽകണമെന്നും പരാമർശം 3-ലെ കത്തു പ്രകാരം സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-26 വർഷത്തെ ശബരിമല മണ്ഡല-മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് പോലീസ് മെസ് നടത്തിയതിൽ ഉണ്ടായിട്ടുള്ള ആകെ ചെലവായ 3,38,11,152/- രൂപയും, ശരാശരി ഒരാൾക്ക് 78.63 രൂപ എന്ന നിരക്കും അംഗീകരിച്ചുകൊണ്ടും ബാക്കി തുകയായ 38,11,152/- രൂപ (മുപ്പത്തിയെട്ട് ലക്ഷത്തി പതിനൊന്നായിരത്തി ഒരുന്നൂറ്റി അമ്പത്തിരണ്ട് രൂപ മാത്രം) 2055-00-109-99-00-34-OC-03 എന്ന ശീർഷകത്തിൽ അനുവദിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BYJU KUMAR S
ജോയിന്റ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (16.04.2026 ലെ (ഇ-3273975) വ്യയം-എ3/408/2025-ധന പ്രകാരം).

ഡയറക്ടർ, ഐ & പിആർഡി. (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Divya R S

Date: 08-05-2026 10:05:53

സെക്ഷൻ ഓഫീസർ